Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2025

## PHYSICS

(English)

Time : 1½ Hours Total Score : 40

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം, എന്നിവ പരിഗണിക്കണം.

**Score**

**സെക്ഷൻ - A**

**(ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും 1 സ്കോർ വീതം)** **4x1=4**

1. നമ്മുടെ രാജ്യത്ത് വിതരണത്തിനു വേണ്ടി ഉത്പാദിപ്പിക്കുന്ന എ.സി.യുടെ ആവൃത്തി : **1**

   (230 Hz, 115 Hz, 50 Hz, 100 Hz)

2. ടിന്റൽ പ്രഭാവത്തിന് കാരണമായ പ്രകാശ പ്രതിഭാസമാണ് : **1**

   (പ്രകീർണ്ണനം, വിസരണം, പ്രതിപതനം, അപവർത്തനം)

3. പ്രതിപതന തലങ്ങൾ തമ്മിൽ 45° കോണളവിൽ ക്രമീകരിച്ചിരിക്കുന്ന രണ്ട് സമതല ദർപ്പണങ്ങൾക്കിടയിൽ ഒരു വസ്തു വച്ചാൽ എത്ര പ്രതിബിംബങ്ങൾ കാണപ്പെടും ? **1**

   (3, 5, 7, 9)

4. താഴെ കൊടുത്തിരിക്കുന്നവയിൽ മോട്ടോർ തത്വം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണം ഏത് ? **1**

   (ജനറേറ്റർ, ട്രാൻസ്ഫോമർ, ഇൻഡക്ടർ, ചലിക്കും ചുരുൾ ലൗഡ് സ്പീക്കർ)

Score

5. ഒരു ഡി. സി.ജനറേറ്ററിന്റെ ആർമേച്ചറിൽ പ്രേരിതമാകുന്ന വൈദ്യുതിയെ സൂചിപ്പിക്കുന്ന ശരിയായ ഗ്രാഫ് ഏത് ? 1

(a) 


(b) 


(c) 


(d) 


## സെക്ഷൻ - B

(ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും 2 സ്കോർ വീതം.) 4x2=8

6. വാഹനങ്ങളിൽ റിയർവ്യൂ മിററായി ഉപയോഗിക്കുന്നത് ഏത് തരം ദർപ്പണങ്ങളാണ് ? എന്തുകൊണ്ട് ? 2

7. 230 V, 100 W എന്ന് രേഖപ്പെടുത്തിയ ഒരു ഇലക്ട്രിക് ബൽബ് 115 V ൽ പ്രവർത്തിപ്പിക്കുമ്പോൾ അതിന്റെ പവർ എത്രയായിരിക്കും ? 2

8. ചുവടെ നൽകിയിരിക്കുന്ന ചിത്രം പകർത്തി വരച്ച് പ്രതിബിംബ രൂപീകരണം പൂർത്തിയാക്കുക. 2



Score

9. അടുത്തുള്ള ഒരു വസ്തുവിന്റെ പ്രതിബിംബം കണ്ണിൽ രൂപീകൃതമായതിന്റെ രേഖാ ചിത്രമാണ് ചുവടെ നൽകിയിരിക്കുന്നത്.




(a) ഈ കണ്ണിന്റെ ന്യൂനത ഏതാണ് ? 1

(b) ഏതുതരം ലെൻസ് ഉപയോഗിച്ചാണ് ഈ ന്യൂനത പരിഹരിക്കുന്നത് ? 1

10. താഴെ നൽകിയിരിക്കുന്ന സ്രോതസ്സുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഊർജത്തിന്റെ അടിസ്ഥാനത്തിൽ ഇവയെ ഗ്രീൻ എനർജി, ബ്രൗൺ എനർജി എന്ന് പട്ടികപ്പെടുത്തുക. 2
(അറ്റോമിക് റിയാക്ടർ, കാറ്റാടി, തെർമൽ പവർ സ്റ്റേഷൻ, സോളാർ സെൽ)

| ഗ്രീൻ എനർജി | ബ്രൗൺ എനർജി |
|---|---|
| | |
| | |

## സെക്ഷൻ - C

**(ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും 3 സ്കോർ വീതം)** 4x3=12

11. 230 V ൽ പ്രവർത്തിക്കുന്ന ഒരു ട്രാൻസ്ഫോമറിൽ നിന്ന് ഒരു വൈദ്യുത ഉപകരണത്തിന് 10 V വോൾട്ടത ലഭ്യമാകുന്നു. ഇതിന്റെ പ്രൈമറിയിൽ 4600 ചുറ്റുകൾ ഉണ്ട്.

(a) ഈ ട്രാൻസ്ഫോമറിന്റെ സെക്കൻഡറിയിലെ ചുറ്റുകളുടെ എണ്ണം കണക്കാക്കുക. 2

(b) ഈ ട്രാൻസ്ഫോമറിന്റെ ഏതു കോയിലിലായിരിക്കും വണ്ണം കൂടിയ കമ്പി ഉപയോഗിച്ചിരിക്കുന്നത് ? 1

12. A, B, C എന്നീ കോളങ്ങൾ അനുയോജ്യമായി ചേർത്തെഴുതുക. 3

| A | B | C |
|---|---|---|
| ഹീറ്റിംഗ് കോയിൽ | ടങ്സ്റ്റൺ | സുരക്ഷാ ഫ്യൂസ് |
| ഫിലമെന്റ് | ടിന്നിന്റേയും ലെഡിന്റേയും സങ്കരം | ഇലക്ട്രിക് ഹീറ്റർ |
| ഫ്യൂസ് വയർ | അൽനിക്കോ | ഇൻകാൻഡസെന്റ് ലാമ്പ് |
| | നിക്രോം | ഇൻഡക്ടർ |

Score

13. നൽകിയിരിക്കുന്ന രേഖാ ചിത്രം നിരീക്ഷിച്ച് ഉത്തരം എഴുതുക.




(a) ഇവിടെ ചിത്രീകരിച്ചിരിക്കുന്ന പ്രകാശ പ്രതിഭാസം നിർവചിക്കുക. 1

(b) പ്രകാശ രശ്മി ജലത്തിൽ നിന്നും വായുവിലേക്ക് ഇതേ പതന കോണിൽ പതിച്ചാൽ ഇതേ പ്രതിഭാസം നടക്കുമോ ? നിങ്ങളുടെ ഉത്തരം സാധൂകരിക്കുക. 2

14. 4 സെ. മീ. ഉയരമുള്ള വസ്തു ഒരു കോൺകേവ് ദർപ്പണത്തിൽ നിന്നും 30 സെ. മീ. അകലെ വച്ചപ്പോൾ ദർപ്പണത്തിൽ നിന്നും 15 സെ. മീ. അകലെയായി അതേ വശത്ത് പ്രതിബിംബം ലഭിച്ചു.

(a) ഈ ദർപ്പണത്തിന്റെ ഫോക്കസ് ദൂരം കണക്കാക്കുക. 2

(b) പ്രതിബിംബത്തിന്റെ ആവർധനം എത്ര ? 1

15. എൽ. പി. ജി. ഒരു പെട്രോളിയം ഉൽപ്പന്നമാണ്.

(a) എൽ. പി. ജി. യിലെ പ്രധാന ഘടകം ഏത് ? 1

(b) ഒരു എൽ. പി. ജി. സിലിണ്ടറിൽ "D25" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നതെന്ത് ? 1

(c) എൽ. പി. ജി. ചോർച്ച മൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ട രണ്ടു മുൻകരുതലുകൾ എഴുതുക. 1

Score

## സെക്ഷൻ - D

**(ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും 4 സ്കോർ വീതം)** **4x4=16**

**16.** ചിത്രത്തിൽ കാണിച്ചിരിക്കുന്നതു പോലെ ഒരു സെർക്കീട്ടിൽ രണ്ട് പ്രതിരോധകങ്ങൾ ബന്ധിപ്പിച്ചിരിക്കുന്നു.




(a) ഈ സെർക്കീട്ടിലെ സഫല പ്രതിരോധം എത്ര ? 1

(b) ഈ സെർക്കീട്ടിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ അമ്മീറ്റർ റീഡിങ് എത്രയായിരിക്കും ? 1

(c) 3 Ω പ്രതിരോധകത്തിലൂടെ 3 മിനിറ്റ് നേരം വൈദ്യുതി പ്രവഹിക്കുമ്പോൾ ഉത്പാദിപ്പിക്കപ്പെടുന്ന താപം എത്രയെന്ന് കണക്കാക്കുക. 2

**17.** ഒരു ഉപകരണത്തിന്റെ രേഖാ ചിത്രം നൽകിയിരിക്കുന്നത് നിരീക്ഷിക്കുക.




(a) ചിത്രത്തിൽ കാണിച്ചിരിക്കുന്ന ഉപകരണം ഏത് ? ഇതിൽ നടക്കുന്ന ഊർജ്ജമാറ്റം എഴുതുക. 1

(b) ചിത്രത്തിൽ 'A' 'B' എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങളുടെ പേര് എഴുതുക. 1

(c) ഈ ഉപകരണം പ്രവർത്തിക്കുമ്പോൾ 'A' എന്ന ഭാഗത്തിന്റെ ചലന ദിശ കണ്ടെത്താൻ സഹായിക്കുന്ന നിയമം പ്രസ്താവിക്കുക. 1

(d) ഉപകരണത്തിലെ 'B' എന്ന ഭാഗത്തിന്റെ ധർമ്മം എന്ത് ? 1

Score

18. ചുവടെ നൽകിയിരിക്കുന്ന പട്ടിക വിശകലനം ചെയ്ത് ചോദ്യങ്ങൾക്കുള്ള ഉത്തരമെഴുതുക.

| മാധ്യമം | അപവർത്തനാങ്കം |
|---|---|
| ജലം | 1.33 |
| വായു | 1 |
| ഗ്ലാസ് | 1.5 |
| മണ്ണെണ്ണ | 1.44 |

(a) പട്ടികയിലെ മാധ്യമങ്ങളെ പ്രകാശ വേഗത്തിന്റെ ആരോഹണ ക്രമത്തിൽ എഴുതുക. 1

(b) ജലത്തിൽ നിന്നും മണ്ണെണ്ണയിലേക്ക് ചരിഞ്ഞു പതിക്കുന്ന പ്രകാശ രശ്മി അപവർത്തനത്തിന് ശേഷം ലംബത്തോട് അടുക്കുകയാണോ അകലുകയാണോ ചെയ്യുന്നത് ? എന്തുകൊണ്ട് ? 1

(c) ഗ്ലാസിലൂടെയുള്ള പ്രകാശ വേഗം കണക്കാക്കുക. 2
(ശൂന്യതയിലൂടെയുള്ള പ്രകാശവേഗം $3 \times 10^8$ m/s)

19. സൂര്യരശ്മി ഗ്ലാസ് പ്രിസത്തിലൂടെ കടന്നു പോകുമ്പോൾ സംഭവിക്കുന്ന പ്രകീർണനമാണ ചുവടെ ചിത്രീകരിച്ചിരിക്കുന്നത്.




(a) 'P' 'Q' എന്നീ വർണങ്ങൾ ഏതെന്ന് എഴുതുക. 1

(b) ഈ രണ്ടു വർണങ്ങളുടെയും വ്യതിയാനത്തിൽ വ്യത്യാസമുണ്ടാകുവാനുള്ള കാരണമെന്ത് ? 1

(c) വാഹനങ്ങളുടെ ടെയിൽ ലാമ്പുകളിൽ നൽകിയിരിക്കുന്ന നിറമേത് ? എന്തുകൊണ്ട് ? 2

20. വിദൂര പവർസ്റ്റേഷനുകളിൽ നിന്നാണ് ഗാർഹികാവശ്യങ്ങൾക്കുൾപ്പെടെയുള്ള വൈദ്യുതി ലഭിക്കുന്നത് :

(a) പ്രസരണ നഷ്ടം എന്നാൽ എന്ത് ? 1

(b) പ്രസരണ നഷ്ടം കുറയ്ക്കുവാൻ സ്വീകരിച്ചിരിക്കുന്ന മാർഗങ്ങൾ ഏതെല്ലാം ? 1

(c) നമ്മുടെ വീടുകളിലെത്തുന്ന വൈദ്യുത ലൈൻ ആദ്യം ബന്ധിപ്പിച്ചിരിക്കുന്നത് ഏത് ഉപകരണത്തിലേക്കാണ് ? ഈ ഉപകരണത്തിന്റെ ഉപയോഗം എന്ത് ? 1

(d) ഗൃഹ വൈദ്യുതീകരണത്തിൽ ഉപയോഗിക്കുന്ന MCB, സുരക്ഷാ ഫ്യൂസ് എന്നിവയുടെ പ്രവർത്തനത്തിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ? 1

-oOo-